## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 96     27.02.2017- ൽ മറുപടിയ്ക്ക്

**<u>എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള നഷ്ടപരിഹാര പാക്കേജ്</u>**

<u>ചോദ്യം</u>

ശ്രീ.എൻ.എ.നെല്ലിക്കുന്ന്
ശ്രീ.പി.ബി.അബ്ദുൾ റസ്സാക്ക്.
ശ്രീ.എൻ.ഷംസുദ്ദീൻ.
ശ്രീ.ടി.വി.ഇബ്രാഹിം.

<u>ഉത്തരം</u>

ശ്രീ.പിണറായി വിജയൻ
(ബഹു.മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | എൻഡോസൾഫാൻ ദുരിത ബാധിതർക്കുള്ള നഷ്ടപരിഹാര പാക്കേജ് നടപ്പാക്കുന്നതിൽ അലംഭാവമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | കീടനാശിനി കമ്പനികളുടെ ഭാഗത്തുനിന്നുണ്ടായ അനാസ്ഥയ്ക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2011 ജനുവരി മാസത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ എൻഡോസൾഫാൻ ദുരിതബാധിതരായവർക്ക് പ്രത്യേക ധനസഹായം നൽകണമെന്ന് സർക്കാരിനോട് ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യലിസ്റ്റ് മെഡിക്കൽ ക്യാമ്പുകൾ നടത്തി ദുരിതബാധിതരായവരുടെ പട്ടിക തയ്യാറാക്കുകയും നഷ്ടപരിഹാരം അനുവദിക്കാൻ തീരുമാനിക്കുകയും ചെയ്തു. അപ്രകാരം രണ്ടു ഗഡുക്കളായി ധനസഹായം |

| | | | |
|---|---|---|---|
| | | | അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ധന സഹായം അനുവദിക്കുന്നതിന് തങ്ങളുടെ കശുമാവിൻ തോട്ടങ്ങളിൽ എൻഡോസൾഫാൻ ആകാശ മാർഗ്ഗേനെ തളിച്ച പ്ലാന്റേഷൻ കോർപ്പറേഷനിൽ നിന്നും മൊത്തം 53.105 കോടി രൂപ ഈടാക്കിയിട്ടുണ്ട്. എൻഡോ-സൾഫാൻ ദുരിത ബാധിതരുടെ ശാരീരികവും മാനസിക വുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. ഇതിനായി മുളിയാർ പഞ്ചായത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശമുള്ള ഭൂമിയിൽ നിന്ന് റീഹാബിലിറ്റേഷൻ വില്ലേജിന് അനുയോജ്യമായ 25 ഏക്കർ ഭൂമി അനുവദിച്ച കിട്ടിയിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട കമ്പനികളിൽ നിന്നും ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. |
| (സി) | നഷ്ടപരിഹാരം മൂന്നുമാസത്തിനകം നൽകണമെന്ന സുപ്രീംകോടതി വിധി നടപ്പാക്കാൻ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (സി) | ബഹു.സുപ്രീം കോടതിയുടെ വിധി പ്രകാരം എൻഡോസൾഫാൻ ദുരിതബാധിതർക്ക് 5 ലക്ഷം രൂപ വീതം ധനസഹായം അനുവദിക്കേണ്ടി |

| | | | |
|---|---|---|---|
| | | | വരുമ്പോൾ ആകെ 292.4 കോടി രൂപയാണ് വേണ്ടത്. ഇതിൽ ഇതുവരെ ധനസഹായം അനുവദിച്ച തുക കുറയ്ക്കുമ്പോൾ ബാക്കി ധനസഹായം അനുവദിക്കുന്നതിന് 200 കോടി രൂപയോളം വേണ്ടിവരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു |

S. Bindu

**സെക്ഷൻ ഓഫീസർ**